പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 996

30-09-2016 ൽ മറുപടിക്ക്

## കൃഷിക്ക് പലിശരഹിത വായ്പ

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ് പി

**മറുപടി**

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കൃഷിക്ക് പലിശരഹിത വായ്പ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര തുക വരെയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സഹകരണ സംഘങ്ങൾ വഴി മൂന്ന് ലക്ഷം വരെയുള്ള വായ്പകൾക്കാണ് ഈ ആനുകൂല്യം നൽകുവാൻ ഉദ്ദേശിക്കുന്നത്. |
| ബി) ഏതുതരം പച്ചക്കറി കൃഷിക്കാണ് ഇത്തരത്തിലുള്ള പലിശരഹിത വായ്പ നൽകാൻ ഉദ്ദേശിക്കുന്നത്; | (ബി) | എല്ലാ തരത്തിലുമുള്ള പച്ചക്കറി കൃഷിക്കും പലിശ രഹിത വായ്പ നൽകാൻ ഉദ്ദേശിക്കുന്നു. |
| സി) വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡം തിരിച്ചടവ് രീതി എന്നിവ വിശദമാക്കാമോ ; | (സി) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ളവർക്കാണ് ഈ വായ്പ ലഭ്യമാകുന്നത്. ഹ്രസ്വകാല വായ്പ 12 മാസ കാലാവധിക്ക് തുല്യ ഗഡുക്കളായാണ് തിരിച്ചടയ്ക്കേണ്ടത്. |
| ഡി) സഹകരണ സംഘങ്ങളിൽ അംഗത്വമില്ലാത്ത കർഷകർക്ക് പ്രസ്തുത വായ്പ ലഭ്യമാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇല്ല. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം സഹകരണ സംഘങ്ങളിൽ അംഗങ്ങളല്ലാത്തവർക്ക് വായ്പ അനുവദിക്കുവാനാകില്ല. |

സെക്ഷൻ ഓഫീസർ